**തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ല പെർമനന്റ് അദാലത്ത് ഉപജില്ല - 06 ന്റെ ഒരു യോഗം 13.10.2025 തീയതി തിങ്കൾ പകൽ 1 മണിക്ക് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ വച്ച് ഓൺലൈനായി ചേർന്നതിന്റെ മിനിട്സ്.**

**ഹാജർ:**

1. ശ്രീ. രാജൻ കെ.കെ, കൺവീനർ, ഉപജില്ലാ അദാലത്ത് സമിതി,& ഇന്റേണൽ വിജിലൻസ് ഓഫീസർ, മലപ്പുറം
2. ശ്രീ.തരുവായ് കുട്ടി നൈസാം, മെമ്പർ ഉപജില്ല അദാലത്ത് സമിതി & ഡെപ്യൂട്ടി ടൗൺ പ്ലാനർ മലപ്പുറം
3. ശ്രീ മുജീബ്, മെമ്പർ ഉപജില്ല അദാലത്ത് സമിതി & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്.
4. ശ്രീ.അനിൽകുമാർ, (സെക്രട്ടറി ഇൻ ചാർജ്), തിരുനാവായ ഗ്രാമപഞ്ചായത്ത്.
5. പരാതിക്കാരനു വേണ്ടി ശ്രീ.സെയ്തലവി, തിരുനാവായ.

യോഗം 11.10 എഎം ന് ആരംഭിച്ചു. ഉപജില്ല അദാലത്ത് സമിതി കൺവീനർ സ്വാഗതം പറഞ്ഞു.

അദാലത്ത് പോർട്ടലിൽ ലഭിച്ച തിരുനാവായ ഗ്രാമപഞ്ചായത്തിലെ ഷഫീക്ക് എന്നവർ നല്കിയ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച BPMPM6098400033 നമ്പർ പരാതി അദാലത്തിൽ പരിഗണിച്ചു.

പരാതികക്ഷിയുടെ ഉടമസ്ഥതയിലുള്ള നിലം തരത്തിൽ പെട്ട അനന്താവൂർ വില്ലേജിലെ 86/3 - 1 സർവ്വേയിലുള്ള 02.02 - ആർസ് സ്ഥലത്ത് വീട് നിർമ്മാണ അനുമതിക്കായി 13/03/2025 ന് തിരുനാവായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നല്കിയിരുന്നെങ്കിലും പെർമിറ്റ് അനുവദിക്കാൻ കഴിയില്ലെന്ന് സെക്രട്ടറി വാക്കാൽ അറിയിച്ചതായും ആയതിനാൽ നിലവിൽ 2018 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത നിലം ഇനത്തിൽ പെട്ട ഭൂമിയിൽ നിർമ്മാണാനുമതി നല്കാൻ തദ്ദേശ സ്വയംഭരണം വകുപ്പ് ആർ.എ1/57/2025 - തസ്വഭവ തിയ്യതി: 11-02-2025 സർക്കുലർ പ്രകാരം നിർമ്മാണാനുമതി നല്കണമെന്ന് നിർദ്ദേശിക്കുന്നതിനാൽ തനിക്ക് കെട്ടിട നിർമ്മാണ അനുമതി നല്കണമെന്ന് ബഹു. കേരള മുഖ്യമന്ത്രിക്ക് നല്കിയ പരാതിയിൽ പറയുന്നു.

പരാതി കക്ഷി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന തിരൂർ താലൂക്ക് അനന്താവൂർ വില്ലേജിലെ 86/3-1 സർവ്വേയിൽ പെട്ട സ്ഥലം ഡാറ്റാ ബാങ്ക് പ്രകാരം വിജ്ഞാപനം ചെയ്യപെട്ട നിലം തരത്തിൽ ( നെൽവയൽ) ഭൂമിയാണെന്ന് ബോധ്യപ്പെട്ടതിനാലാണ് നിർമ്മാണനുമതി നല്കാൻ കഴിയില്ലെന്ന് അപേക്ഷകനെ അറിയിച്ചതെന്ന് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

വസ്തുവിന്റെ തരം സംബന്ധിച്ച വിവരങ്ങളും ഡാറ്റാ ബാങ്ക് വിവരങ്ങളും പരിശോധിക്കുകയുണ്ടായി. ഡാറ്റാ ബാങ്ക് ക്രമനമ്പർ 249 പ്രകാരം അനന്താവൂർ വില്ലേജ് സർവ്വേ 86/3-ൽ പെട്ട 186 സെന്റ് സ്ഥലം,'Paddy Land' എന്നാണ് രേഖപെടുത്തിയിട്ടുള്ളതെന്ന് യോഗം പരിശോധിച്ച് ബോധ്യപെട്ടു. വസ്തുതകൾ പരാതി കക്ഷിയെയും ബോധ്യപ്പെടുത്തി. ആയതിനാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ റൂൾ 27 (എ) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് കെട്ടിട നിർമ്മാണാനുമതി നല്കാൻ കഴിയില്ല.

വസ്തുവിന്റെ തരം മാറ്റിയുള്ള ഉത്തരവ് ഉണ്ടെങ്കിൽ മാത്രമേ കെട്ടിട നിർമ്മാണാനുമതി നല്കാൻ കഴിയുകയുള്ളൂ എന്നതിനാൽ വസ്തുവിന്റ തരം മാറ്റൽ നടപടികൾ ചെയ്യുന്നതിന് പരാതി കക്ഷിയോട് ആവശ്യപ്പെട്ടു.

യോഗം കൃത്യം 11.35 എ.എം. ന് പര്യവസാനിച്ചു.

// ശരി പകർപ്പ് //

**Signed by Rajan K K**
**Date: 22-10-2025 20:25:52**

(ഒപ്പ്)

രാജൻ. കെ.കെ
കൺവീനർ അദാലത്ത് ഉപജില്ല സമിതി.&
ഇന്റേണൽ വിജിലസ് ഓഫീസർ,ത സ്വ.ഭ.വ, മലപ്പുറം.

**പകർപ്പ്:-**

1. ജില്ലാ ജോയിന്റ് ഡയറക്ടർ, തസ്വഭവ, മലപ്പുറം
2. അദാലത്ത് ഉപജില്ലാ സമിതി അംഗങ്ങൾക്ക്,
3. സെക്രട്ടറി, തിരുനാവായ ഗ്രാമ പഞ്ചായത്ത്,
4. പരാതി കക്ഷിക്ക്